**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1025** **14-10-2026-ൽ മറുപടിയ്ക്ക്**

## കൂടൽ ആധുനിക ഫിഷ് മാർക്കറ്റിന്റെ നിർമ്മാണ പുരോഗതി

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** കോന്നി നിയോജകമണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന കിഫ്ബി പദ്ധതിയായ കൂടൽ ആധുനിക ഫിഷ് മാർക്കറ്റിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

**മറുപടി:** കോന്നി നിയോജകമണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന കിഫ്ബി പദ്ധതിയിൽ 178.09 ലക്ഷം രൂപയ്ക്ക് അംഗീകാരം ലഭ്യമായ കൂടൽ മത്സ്യമാർക്കറ്റിന്റെ പ്രവൃത്തികൾ 85% പൂർത്തീകരിച്ചു. വൈദ്യുതീകരണ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. മലിനജല സംസ്കരണ പ്ലാന്റ്, ഇന്റർലോക്ക് നിർമ്മാണം എന്നിവ ഇനി പൂർത്തീകരിക്കാനുണ്ട്.

**(ബി)** പദ്ധതിയുടെ ഭാഗമായ മലിനജല സംസ്കരണ പ്രവൃത്തികളും മത്സ്യം സൂക്ഷിക്കുന്നതിനുള്ള ഫ്രീസർ സംവിധാനവും എന്നത്തേയ്ക്ക് പൂർത്തീകരിച്ച് ഗ്രാമപഞ്ചായത്തിനു കൈമാറാൻ സാധിക്കുമെന്നു വ്യക്തമാക്കാമോ?

**മറുപടി:** പദ്ധതിയുടെ ഭാഗമായ മലിനജല സംസ്കരണ പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തികരിച്ചുവരുന്നു. പ്രസ്തുത പദ്ധതിക്കായി കിഫ്ബി നൽകിയ ധനാനുമതിയിൽ ഫ്രീസർ സംവിധാനം സ്ഥാപിക്കുന്നതിനുള്ള മുറി മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ടി പ്രവൃത്തി പൂർത്തീകരിച്ചു.

**സെക്ഷൻ ഓഫീസർ**